# പള്ളികൂദാശാക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

മത്താ 16,13-19

02/11/2014

"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്"

ഇതിനർത്ഥം "ബലി" വേണ്ട "കരുണ" മാത്രം മതി എന്നല്ല. മറിച്ച്, ബലിയോടപ്പം നിങ്ങൾ കരുണയുള്ളവരായി മാറ്റപ്പെടണം എന്നുള്ളതാണ്. ഈശോ തന്റെ ചിന്തയെ വ്യക്തമാക്കാൻ ദാവീദിന്റെ ചെയ്തിയെ കടമെടുക്കുന്നു (1സാമു 21,1-6). സാവൂൾ ദാവിദിനെ വധിക്കാൻ പരിശ്രമിക്കുമ്പോൾ അവനിൽ നിന്നും രക്ഷപ്പെടുന്ന ദാവീദ് നോബിൽ പുരോഹിതനായ അഹിമെലേക്കിന്റെ അടുക്കൽ എത്തിചേരുന്നു. അവിടെ വച്ച് ദാവീദും അനുചരൻമാരും ദൈവഭവനത്തിൽ പ്രവേശിച്ച് പുരോഹിതൻമാർക്കല്ലാതെ മറ്റാർക്കും ഭക്ഷിക്കാൻ അവകാശമില്ലാതിരുന്ന കാഴ്ച്ചയപ്പം ഭക്ഷിക്കുന്നു. എന്നിട്ടും, ദാവീദ് ശിക്ഷിക്കപ്പെട്ടില്ല. കാരണം, കർത്താവ് പോലും ആചാരങ്ങളേക്കാളും അനുഷ്ഠാനങ്ങളെക്കാളും വില കൽപ്പിച്ചിരുന്നത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ്. ദൈവത്തേക്കാൾ ദേവാലയത്തിനും സ്വർഗ്ഗത്തേക്കാൾ സ്വർഗ്ഗീയ സിംഹാസനത്തിനും വില കൽപ്പിക്കുമ്പോൾ സംഭവിക്കുന്ന ഒന്നാണ് കരുണയേക്കാൾ ബലിക്ക് പ്രാധ്യാനം ഏറുന്നത്.

സാബത്തിൽ ഒരു പുണ്യവും ചെയ്യാത്തവരുടെ ലോകത്ത് ക്രിസ്തു വ്യത്യസ്തനാകുന്നത് സാബത്തിൽ നന്മ ചെയ്തുകൊണ്ടാണ്... നമുക്കും ഒരു സാബത്തുണ്ടല്ലോ? നന്മ ചെയ്യാതെ ഒരു സാബത്തുപോലും കടന്ന് പോകരുത്.

കുട്ടിയായിരുക്കുമ്പോൾ വികാരിയച്ചൻ ഈ വചനഭാഗം വായിച്ച്, വചനം വ്യാഖ്യാനിച്ച് തരുമ്പോൾ പറഞ്ഞിരുന്ന കഥ ഇന്നും മനസിൽ നിറം മങ്ങാതെ നിൽക്കുന്നുണ്ട്. കഥയിലെ നായിക മറിയമ്മ ചേടത്തിയാണ്. മകൻ തോമാച്ചൻ. തോമാച്ചൻ പഠിക്കാനായി പുസ്തകം തുറന്നാൽ മറിയാമ്മ ചേടത്തി തിരുഹൃദയത്തിന്റെ രൂപത്തിന്റെ മുമ്പിൽ മുട്ടുക്കുത്തി 'ഈശോയെ.... ഈശോയെ...' എന്ന് വിളിക്കാൻ തുടങ്ങും. ഇതു കാരണം കൊച്ചുതോമയ്ക്ക് പഠിക്കാൻ പറ്റാറില്ല. ഒരു ദിവസം മറിയാമ്മ ചേടത്തിക്കിട്ട് ഒരു പണി കൊടുക്കാൻ കൊച്ചുതോമ തിരുമാനിച്ചു. പതിവുപ്പോലെ, കൊച്ചുതോമ പഠിക്കാൻ പുസ്തകം തുറുന്നു. മറിയാമ്മ ചേടത്തി കൊച്ചു തോമ പുസ്തകം തുറന്ന വഴി തിരുഹൃദയ രൂപത്തിന്റെ മുമ്പിൽ വന്ന് 'ഈശോയെ.... ഈശോയെ...' എന്ന് വിളിക്കാനും തുടങ്ങി. ആദ്യത്തെ ഒന്നു രണ്ട് പ്രാവശ്യം വിളി കഴിഞ്ഞപ്പോൾ കൊച്ചു തോമ പഠിക്കുന്നിടത്ത് ഇരുന്ന് മറിയാമ്മചേടത്തി 'ഈശോയെ' എന്നു വിളിക്കുമ്പോൾ 'മറിയാമ്മ ചേടത്തി' എന്ന് വിളിക്കാൻ ആരംഭിച്ചു. ആദ്യം ഒന്നു രണ്ട് വട്ടം മറിയാമ്മചേടത്തി ഇത് ക്ഷമിച്ചു. മൂന്നാംവട്ടവും ഇത് തുടർന്നപ്പോൾ, മറിയാമ്മചേടത്തി കൊച്ചുതോമയുടെ അടുത്ത് ഒറ്റ ചൂടാവലാണ്. അന്ന്, മറിയാമ്മചേടത്തി, വളരെയധികം കൊച്ചുതോമയോട് കയർക്കുകയും ദേഷ്യപ്പെടുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞപ്പോൾ കൊച്ചു തോമ മറിയാമ്മ ചേടത്തിയോട് പറഞ്ഞു, "അമ്മേ, അമ്മയെ ഞാൻ മൂന്ന് പ്രാവശ്യം വിളിച്ചപ്പോഴെക്കും അമ്മയ്ക്ക് ഇത്രമാത്രം ദേഷ്യമായെങ്കിൽ നിത്യവും 'ഈശോയെ... ഈശോയെ...' എന്ന് നിരന്തരം കർത്താവിനെ വിളിച്ച് ശല്ല്യപ്പെടുത്തുന്ന കർത്താവിന് അമ്മയോട് എന്തുമാത്രം ദേഷ്യം തോന്നിയിട്ടുണ്ടാകും?"

ക്രിസ്തു വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നത്, "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" എന്നതാണ്. നമ്മുടെ പ്രർത്ഥനകൾ, പലപ്പോഴും, അധരവ്യായമമാണ്. ബലികൾ പലപ്പോഴും കാണിച്ച് കുട്ടലുകൾ ആയി മാറ്റപ്പെടാറുണ്ട്. ജീവിത നവീകരണം ഇല്ലാത്ത പ്രാർത്ഥനകളും, കരുണയില്ലാതെയുള്ള ബലിയർപ്പണങ്ങളും യാന്ത്രി

കമാണ്. പ്രാർത്ഥനക്കൊപ്പം സത്കൃത്യങ്ങളും, ബലിക്കൊപ്പം കരുണയും ചേർത്ത് വയ്ക്കുക. അത് ദൈവത്തിന് സ്വീകാര്യമാണ്.

ഒരിക്കൽ മദർ തെരേസയുടെ അടുത്ത് അഭിമുഖത്തിന് വന്ന ഒരു പത്രപ്രവർത്തകൻ ചോദിക്കുന്നുണ്ട്, "അമ്മയ്ക്കെങ്ങനയാ ഇത്രമാത്രം നന്മകൾ ചെയ്യാൻ സാധിക്കുന്നെ? വ്രണങ്ങളാൽ നിറഞ്ഞ്, ജീവിതം ഇന്നോ നാളെയോ തീരണ്ട എന്നിരിക്കുന്നവരുടെ അടുത്ത് ചെന്ന്, അവരെ കോരിയെടുക്കാനും, വ്യണങ്ങൾ വ്യത്തിയാക്കാനും, അവരെ ഹൃദയത്തോട് ചേർത്ത് നിർത്തി ചുമ്പിക്കാനും, അമ്മയ്ക്ക് എങ്ങനെയാ സാധിക്കുന്നേ?" മദർതെരെസാ ആ പത്രപ്രവർത്തകന്റെ നേരെ നോക്കി ഒരു പുഞ്ചിരി സമ്മാനിച്ചിട്ട് ഇപ്രകാരം പറഞ്ഞു, "ഈ ചോദ്യത്തിനുത്തരം എനിക്ക് പറയുന്നതിനേക്കാൾ ഇഷ്ടം കാണിച്ച് തരാനാണ്. അതുകൊണ്ട് നാളെ പുലർച്ചെ 3.30 ആകുമ്പോൾ ഇവിടേയ്ക്ക് വന്നാൽ മതി." ഇത് കേട്ട ആ വ്യക്തി ഏറെ സന്തോഷത്തോട് കൂടിയാണ് വീട്ടിലേയ്ക്ക് തിരിച്ച് പോയത്. കാരണം, പലരും അന്വേഷിക്കുന്ന ചോദ്യത്തിന് നാളെ അഗതികളുടെ അമ്മ ഉത്തരം തരും. പിറ്റേദിവസം അതിരാവിലെ തന്നെ, മൂന്ന് മണിയായിപ്പോഴെക്കും അദ്ദേഹം കോൺവെന്റിലെത്തി. അപ്പോൾ, കണ്ട കാഴ്ച്ച ഏവരെയും അബരപ്പിക്കുന്നതായിരുന്നു. അതി രാവിലെ എഴുന്നേറ്റ് ദിവ്യകാരുണ്യനാഥനുമുമ്പിൽ ജപമാലയും കൈകളിലേന്തി കൈവിരിച്ച് പ്രാർത്ഥിക്കുന്ന അമ്മ. ഏകദേശം, 3.30 ആയപ്പോഴെക്കും മറ്റ് സിസ്റ്റേഴ്സും പ്രാർത്ഥനയ്ക്കും ബലിയർപ്പണത്തിനുമായി അൾത്താരക്കരികിൽ അണഞ്ഞു. എല്ലാം കഴിഞ്ഞ്, മദർ തെരേസയെ കണ്ടപ്പോൾ ആ പത്രപ്രവർത്തകനോട് മദർ പറഞ്ഞു, "ശ്വാസവും ഉച്ഛ്വാസവും പോലെയാണ് പ്രാർത്ഥനയും പ്രവർത്തനവും. പ്രാർത്ഥനയില്ലാത്ത പ്രവത്തനവും പ്രവർത്തനമില്ലാത്ത പ്രാർത്ഥനയും മടുപ്പുളവാക്കും." അതുകൊണ്ട് തന്നെ, പ്രാർത്ഥന തൊഴിലാക്കി മഠത്തിലൊതുങ്ങാനോ പ്രാർത്ഥന ഒഴിവാക്കി പ്രവർത്തനത്തിൽ മുഴുകാനോ മദർ ആരെയും അനുവദിച്ചിരുന്നില്ല.

ദൈവാലയത്തേക്കാൾ
ശ്രേഷ്ഠമായ
ഒന്ന് ഇവിടെയുണ്ട്.
അത് ദൈവം വസിക്കുന്ന
ദേഹമാണ്.
കരയുന്നവരുടെ
കണ്ണുനീർ കാണാത്ത
ദൈവാലയങ്ങളിൽ നിന്നും
മതങ്ങളിൽ നിന്നും ദൈവം
ഇറങ്ങിപോകും.

'സാബത്ത്' എന്ന ഹീബ്രു പദത്തിനർത്ഥം 'വിശ്രമിക്കുക, വിരാമമിടുക' എന്നതാണ്. സാബത്ത് വിശ്രമത്തിന് വേണ്ടി ദൈവം മനുഷ്യന് നൽകിയ ഒന്നാണ്. സാബത്ത് വിശുദ്ധ ഗ്രന്ഥത്തിലെ രണ്ട് സംഭവങ്ങളെ ഓർമ്മപ്പെടുത്തുന്നതാണ്, സൃഷ്ടിയും രക്ഷയും. കർത്താവ് ആറ് ദിവസം കൊണ്ട് പ്രപഞ്ചത്തിലെ സകല സൃഷ്ടികളെയും സൃഷ്ടിക്കുകയും എഴാം ദിവസം വിശ്രമിക്കുകയും ചെയ്തതിന്റെ അനുസ്മരണമാണ് സാബത്തിന്റെ അടിസ്ഥാനം. പുറപ്പാടിന്റെ പുസ്തകത്തിൽ സാബത്ത് വിശുദ്ധദിനമായി ആചരിക്കണമെന്ന ദൈവത്തിന്റെ കൽപനയുണ്ട് (പുറ 20,8-9). ഇത്, ഒന്ന് ഇരുന്ന് ധ്യാനിച്ചാൽ ഒന്നു മനസിലാകും, "കർത്താവ് മനുഷ്യമക്കളുടെ സുഖവും സന്തോഷവും മാത്രം ആഗ്രഹിക്കുന്നവനാണെന്ന്." എങ്കിൽ, സാബത്തിന്റെ ആന്തരീക ചൈതന്യം എന്ന് പറയുന്നത് "മനുഷ്യന്റെ സുഖവും സന്തോഷവും മാത്രമാണ്." പക്ഷെ, കാലഘട്ടങ്ങൾ മാറ്റപ്പെട്ടപ്പോൾ ഇതിന്റെ ആന്തരീകചൈതന്യം മാറ്റപ്പെട്ടു. സാബത്ത് ഭാരപ്പെടുത്തുന്ന ഒന്നായി കാലഹരണപ്പെട്ടു.

സദ്യയും കഴിഞ്ഞ് തിരിച്ച് വീട്ടിലേയ്ക്ക് പോകുന്ന വഴിക്കല്ല ശിഷ്യർ ഗോതമ്പ് കതിർ പറിച്ച് തിന്നുന്നത്. അവർക്ക് വിശന്നപ്പോഴാണ്. സാബത്തിൽ ഭക്ഷണം കഴിക്കുന്നതിന് നിഷിദ്ധമല്ല. പക്ഷെ, സാബത്തിൽ ഉപവസിക്കുന്നതിന് വിലക്കുണ്ടായിരുന്നു. കാരണം, സാബത്ത് ആഘോഷിക്കാനുള്ള ദിനമായിരുന്നു. അതിനാൽ തന്നെ ശിഷ്യർ ഗോതമ്പുമണി ഭക്ഷിച്ചത് തെറ്റല്ല. പക്ഷെ, ശിഷ്യർ സാബത്ത് ദിവസം ഗോതമ്പ് പറിച്ചതും (വിളവെടുപ്പ്) ഉമി ഉരിഞ്ഞ് മാറ്റിയതും (കളയിൽ നിന്ന് വിള ശേഖരിക്കാനുള്ള അദ്ധ്വാനം) സാബത്തുലംഘനമാണ്. സാബത്തിന്റെ നിഷിദ്ധമായ പട്ടികയിൽ ഇവ രണ്ടും പെട്ടിട്ടുമുണ്ട്. ഇവിടെയാണ് ക്രിസ്തു നമ്മളെ ഓർമ്മപ്പെടുത്തുന്നത്, "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന്." സ്രഷ്ടാവും രക്ഷ സമ്മാനിക്കുന്നവനുമായ കർത്താവിനെ

സ്തുതിക്കാനുള്ള അവസരമാക്കേണ്ട സാബത്ത് സാധുക്കളെ ഭാരപ്പെടുത്തുന്ന ഒന്നാക്കുമ്പോൾ ക്രിസ്തു അതിനെ എതിർക്കുകയാണ്. ഏത് ആചാരങ്ങൾക്ക് സംഭവിക്കാവുന്ന ദുരന്തം അത് തന്നെയാണ് ഇവിടെയും സംഭവിച്ചത്. മതത്തെ ഒരു വികാരമാക്കുമ്പോൾ മത നിയമങ്ങൾ ദൈവനിയമത്തേക്കാൾ വലുതായി മാറ്റപ്പെടുത്തുന്നു. ഇത് അപകടമാണ്.

മുത്തുചിപ്പിയിലെ മുത്തുകളാണ് ചിപ്പിയെ വിലയുള്ളതാക്കി മാറ്റുന്നത്. മുത്തുകളില്ലാത്ത ചിപ്പികൾ വലിച്ചെറിയപ്പെടാനുള്ളതാണ്. അതുപോലെ തന്നെയാണ് ദൈവ പ്രമാണങ്ങളും. ദൈവിക ചൈതന്യം ഇല്ലാത്ത പ്രമാണങ്ങളെല്ലാം വലിച്ചെയിയാനുള്ളതാണ്. ഹോസിയ പ്രവാചകന്റെ പുസ്തകത്തിൽ കർത്താവ് പറയുന്നുണ്ട്, "കാരുണ്യം ബലിയേക്കാൾ ശ്രേഷ്ഠമാണ്" (ഹോസി 6,6). 'സാബത്ത്- ബലി- കാരുണ്യം' ഇവയിൽ ശ്രേഷ്ഠമായത് കാരുണ്യമാണ്. കാരണം, സാബത്തും ബലി ജീവിതവും ഒരു വ്യക്തിയെ നയിക്കേണ്ടത് കാരുണ്യത്തിലേയ്ക്കാണ്. ചരിത്രം മതങ്ങളെ പഠിപ്പിക്കുന്നത് ഒന്നുമാത്രമാണ്, "മതം മനുഷ്യനെ മറന്നാൽ മതത്തെ ദൈവവും മനുഷ്യനും ഒരുപ്പോലെ വെറുക്കും." "നീ കൈകൾ കൂപ്പുമ്പോൾ നിന്റെ മനസ്സ് കൂപ്പിയിട്ടുണ്ടോ?" എന്നതാണ് പ്രധാനപ്പെട്ട ചോദ്യം.

"പ്രാർത്ഥന
പോലെ തന്നെ
ജീവിതവും,
ജീവിതം
പോലെ തന്നെ
പ്രാർത്ഥനയും.'
ഇതായിരിക്കണം
ക്രിസ്ത്യാനികളുടെ
ജീവിതചര്യ.
"സ്നേഹമാണഖില
സാരമൂഴിയിൽ....'

മതത്തിന്റെ ആചാരങ്ങളെക്കാളും അനുഷ്ഠാനങ്ങളെക്കാളും ആന്തരീക ചൈതന്യത്തിന് വില കൽപ്പിക്കുന്നവരായി ജീവിക്കാൻ നമ്മുക്ക് സാധിക്കുന്നുണ്ടെങ്കിൽ ഞാനും ക്രിസ്തുവും തമ്മിലുള്ള അന്തരം കുറയുകയാണ്. എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ഒന്നുമാത്രമാണ്. "ദൈവം സ്നേഹമാണ്. ആ ദൈവം നിന്നെ സ്നേഹിക്കുന്നത് പോലെ നീ നിന്റെ സഹോദരനെയും സ്നേഹിക്കുക." നിയമങ്ങളും തത്വസംഹിതകളും ഇതിന് വേണ്ടിയാണ്. നിയമങ്ങൾ നന്മ ചെയ്യാനാണ്. കഥയറിയാതെ ആട്ടം കാണുന്നവരായി മതത്തിന്റെ നൂലാമാലകളിൽ പെട്ട് അവസാനിക്കാനുള്ളതല്ല ജീവിതം.

ഒരുനാൾ ബിംബിസാര മഹാരാജാവിന് ഒരു സംശയം, "ഇന്നോളം എഴുതപ്പെട്ടിട്ടുള്ള വേദങ്ങളുടെയും നിയമസംഹിതകളുടെയും മൂല്യമെന്താണ്?" ഇത് കേട്ട രാജഗുരു പറഞ്ഞു, അങ്ങ് പഠിച്ചറിഞ്ഞിട്ടുള്ള എല്ലാ വേദങ്ങളും, നിയമങ്ങളും ഇവിടേയ്ക്ക് കൊണ്ടുവരിക. ഒപ്പം, ഒരു തുലാസും. രണ്ടും എത്തിയപ്പോൾ രാജഗുരു പറഞ്ഞു, ഒരു തുലാസിൽ അങ്ങ് പഠിച്ചറിഞ്ഞിട്ടുള്ള എല്ലാ വേദങ്ങളും നിയമങ്ങളും വക്കുക. മറ്റേ തുലാസിൽ പടത്ത് പണിയെടുക്കുന്ന ഒരു അടിമ ബാലനെയും. അത്രയും നേരം വേദങ്ങൾക്കും നിയമങ്ങൾക്കുമായിരുന്നു തൂക്കം. പക്ഷെ, അടിമബാലനെ വച്ച നിമിഷംമുതൽ നിയമങ്ങളുടെയും വേദങ്ങളുടെയും തൂക്കം തുശ്ചമായി കുറയ്ക്കപ്പെട്ടു.

രാജഗുരു പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു, "ഭൂമിയിലെ ഏറ്റവും ചെറിയ മനുഷ്യൻ പോലും ഏത് വേദത്തെക്കാളും ഏത് നിയമത്തേക്കാളും വിലയുള്ളതാണ്."

**"ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്"**